പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ 08.12.2014 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 1922

# മലബാർ ബോട്ടാണിക്കൽ ഗാർഡൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.റ്റി.എ. റഹീം :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| കോഴിക്കോട് ജില്ലയിലെ മലബാർ ബോട്ടാണിക്കൽ ഗാർഡൻ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ? | കോഴിക്കോട് ജില്ലയിലെ മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2013 ജൂൺ 7-ാം തീയതി നടന്ന മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ 9-ാം എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡനെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഒരു റിസർച്ച് & ഡെവലപ്മെന്റ് സെന്റർ (ഗവേഷണ വികസന സ്ഥാപനം) ആയി പുനരുദ്ധരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഈ തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ 6-ാം ഗവേർണിംഗ് ബോഡി മീറ്റിങ്ങിൽ പരിഗണിക്കുകയും അത് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. തുടർ നടപടികൾക്കായി കൗൺസിലിന്റെ 36-ാം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഈ പ്രൊപ്പോസൽ പരിഗണിക്കുകയും മേൽപറഞ്ഞ വിഷയത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു എംപവേർഡ് കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. മലബാർ ബൊട്ടാണിക്കൽ ഗാർഡനെ കൗൺസിലിന്റെ കീഴിലുള്ള ഒരു ആർ & ഡി സെന്റർ ആക്കണമെന്ന എംപവേർഡ് കമ്മിറ്റിയുടെ റിപ്പോർട്ട് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 38 -ാം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗീകരിച്ചു. എംപവേർഡ് കമ്മിറ്റിയുടെ ഈ റിപ്പോർട്ട് കൗൺസിലിന്റെ പ്രസിഡന്റിന് സമർപ്പിക്കുകയും അത് അംഗീകരിക്കുകയുമുണ്ടായി. 2014 ഒക്ടോബർ 29-ാം തീയതി നടന്ന മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ 7-ാം ഗവേർണിംഗ് ബോഡി മീറ്റിംങ്ങിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ സൊസൈറ്റിയെ ലയിപ്പിച്ച് കൗൺസിലിന്റെ കീഴിലുള്ള ഒരു ഗവേഷണ സ്ഥാപനമാക്കാനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തീരുമാനിച്ചു. ഇത് സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. |

അണ്ടർ സെക്രട്ടറി റ്റു ഗവൺമെന്റ്